(എഫ്) മലമ്പനി കണ്ടെത്തിയ രോഗികളിലെ പനി ഗുരുതരാവസ്ഥയിലല്ലെങ്കിൽ ഔട്ട് പേഷ്യന്റായി ചികിത്സിക്കുന്നു. അവർക്ക് സമ്പൂർണ്ണ ചികിത്സക്കായി (റാഡിക്കൽ ട്രീറ്റുമെന്റ്) ക്ലോറോക്യൂൻ, പ്രൈമാക്യൂൻ തുടങ്ങിയ മരുന്നുകൾ നിശ്ചിത അളവിൽ നൽകുന്നു. രോഗി ഗുരുതരാവസ്ഥയിലാണെങ്കിൽ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നു. പനി കുറയാനുള്ള മരുന്നുകളും മറ്റ് അനുബന്ധ ചികിത്സകളും കൂട്ടത്തിൽ നടത്തുന്നു. ഇത്രയും ചികിത്സകൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാണ്. കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമായി വരുന്നവരെ മെഡിക്കൽ കോളേജ്/ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിലേക്ക് അയയ്ക്കുന്നുണ്ട്.

(ജി) തൃശ്ശൂർ ജില്ലയിലെ എല്ലാ ബ്ലോക്ക് പി.എച്ച്.സി.-കളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ജില്ലാ ആശുപത്രിയിലും താലൂക്ക് ആശുപത്രിയിലും മലമ്പനി രോഗനിർണ്ണയത്തിനും ചികിത്സക്കുമുള്ള എല്ലാ സൗകര്യങ്ങളും ഇപ്പോൾ നിലവിലുണ്ട്.

പകർച്ചപ്പനി തടയുന്നതിന് ഇടുക്കി ജില്ലയിലെ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനവും ജെ.എച്ച്.ഐ. ഒഴിവുകളും

143 [1721] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി മൂലം ഇടുക്കി ജില്ലയിൽ എത്ര ആളുകൾ മരണമടഞ്ഞിട്ടുണ്ട്.;

(ബി) പകർച്ചപ്പനി പടരുന്നത് തടയുന്നതിന് ജില്ലയിലെ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പകർച്ചപ്പനി പടരുന്ന സാഹചര്യത്തിൽ ജില്ലയിലെ ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) നിലവിലുള്ള ജെ.എച്ച്.ഐ.-മാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ എത്ര ഒഴിവുകളാണ് ജില്ലയിൽ ഉള്ളത്;

(എഫ്) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ജി) നിലവിലുള്ള ജെ.എച്ച്.ഐ. ഗ്രേഡ് I-ന്റെ ഒഴിവ് ജില്ലാതലത്തിൽ കണക്കാക്കിയിട്ടുണ്ടോ: എങ്കിൽ പ്രസ്തുത തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴി നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പകർച്ചപ്പനിമൂലം ഇടുക്കി ജില്ലയിൽ ആരുംതന്നെ മരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പകർച്ചപ്പനി പടരുന്നത് തടയുന്നതിന് പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. എലിപ്പനി രോഗനിർണ്ണയ കിറ്റുകൾ, ഡെങ്കിപ്പനി നിർണ്ണയ കിറ്റുകൾ ഇവ എല്ലാ ബ്ലോക്ക്, താലൂക്ക് ആശുപത്രികളിലും ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ജില്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ആതുരശുശ്രൂഷ നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിച്ചു വരുന്നു. കൂടാതെ ജില്ലാ തലത്തിൽ ഫീവർ ക്ലിനിക്കും പ്രവർത്തിക്കുന്നു.

(സി) ആരോഗ്യപ്രവർത്തകരുടെ പ്രവർത്തനം ബ്ലോക്ക് തലത്തിൽ റിവ്യൂ മീറ്റിംഗ് നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൊതുകു നിവാരണപ്രവർത്തനങ്ങൾ സർവേ മുതലായവ വിലയിരുത്തുന്നുണ്ട്.

(ഡി) രണ്ടാം ഗ്രേഡ് ജെ.എച്ച്.ഐ.-മാരുടെ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും 150 പേരെ ഇതുവരെ നിയമിച്ചിട്ടുണ്ട്.

(ഇ) ആറ് ഒഴിവുകൾ.

(എഫ്) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി അവസാനിച്ചതിനാൽ പ്രസ്തുത പരിപാടിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ വിഭാഗത്തിലെ വിവിധോദ്ദേശ്യ ജീവനക്കാരുമായി സംയോജിപ്പിക്കുവാൻ നയപരമായ തീരുമാനം എടുത്തിട്ടുള്ളതിനാൽ രണ്ടാം ഗ്രേഡ് ജെ.എച്ച്.ഐ. തസ്തികയിലേയ്ക്ക് യാതൊരു മാർഗ്ഗത്തിലൂടെയും നിയമനം നടത്തേണ്ടതില്ല എന്ന് തീരുമാനിച്ചിരിക്കുന്നതിനാൽ നിലവിലുള്ള ഒഴിവുകൾ തൽക്കാലം നികത്തുവാൻ കഴിയുകയില്ല.

(ജി) 24 ഒഴിവുകൾ. കേരളാ ഹൈക്കോടതിയിലെ വിവിധ റിട്ട് അപ്പീലുകളിലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിരിക്കുന്നതിൻപ്രകാരം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയാൽ മാത്രമേ ഇനി പ്രൊമോഷൻ നടത്തുവാൻ കഴിയുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly